LIBRARY ARCHIVES Kerala Legislative Assembly

ചാരുംമൂട് കേന്ദ്രമാക്കി പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് സ്ഥാപിക്കുന്നതിന് നടപടി

42 [42] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ ചാരുംമൂട് കേന്ദ്രമാക്കി പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് സ്ഥാപിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ് എന്ന് വിശദമാക്കാമോ;

(ബി) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ചാരുംമൂട്ടിലും, മാന്നാറിലും പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് വേണമെന്ന് നിർദ്ദേശം വന്നപ്പോൾ മാന്നാറിൽ സി.ഐ. ഓഫീസ് ആരംഭിക്കുകയും ചാരുംമൂട്ടിൽ പോലീസ് സി.ഐ. ഓഫീസ് ആരംഭിക്കാതിരിക്കുകയും ചെയ്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(സി) ചാരുംമൂട്ടിൽ സി.ഐ. ഓഫീസ് ആരംഭിക്കുന്നതിന് കാലതാമസം ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നു വിശദമാക്കാമോ?

ഉത്തരം

(എ—സി) ചാരുംമൂട് കേന്ദ്രമാക്കി പോലീസ് സർക്കിൾ ഓഫീസ് ആരംഭിക്കുന്നകാര്യം പരിശോധിച്ച് വരികയാണ്.

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ഫലപ്രഖ്യാപനത്തിനുശേഷം സംസ്ഥാനത്ത് ഉണ്ടായ രാഷ്ട്രീയ പ്രേരിതമായ ആക്രമണങ്ങൾ

43 [43] ശ്രീ. സി. പി. മുഹമ്മദ്:
,, ഡി. സുഗതൻ:
,, എം. എ. ചന്ദ്രശേഖരൻ:
,, വർക്കല കഹാർ:
,, എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ഫലപ്രഖ്യാപനത്തിനുശേഷം സംസ്ഥാനത്ത് എവിടെയെല്ലാം തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട രാഷ്ട്രീയ പ്രേരിതമായ ആക്രമണങ്ങളുണ്ടായിട്ടുണ്ട്;

(ബി) ഇതിന്റെ ഫലമായി എത്ര രൂപയുടെ നാശനഷ്ടങ്ങളുണ്ടായതായി കണക്കാക്കപ്പെടുന്നു;

(സി) ഇതോടനുബന്ധിച്ച് എത്ര ആക്രമണങ്ങൾ നടന്നു;

(ഡി) എത്രപേരെ അറസ്റ്റുചെയ്തു;

(ഇ) ഈ കേസുകളിലെ പ്രതികളുടെ രാഷ്ട്രീയബന്ധം എന്തെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇക്കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ഫലപ്രഖ്യാപനത്തിനുശേഷം സംസ്ഥാനത്ത് തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ രാഷ്ട്രീയ പ്രേരിതമായ ആക്രമണങ്ങളുണ്ടായിട്ടുണ്ട്.

(ബി) 2,52,200 (രണ്ടുലക്ഷത്തി അമ്പത്തിരണ്ടായിരത്തി ഇരുനൂറ്) രൂപയുടെ നാശനഷ്ടങ്ങളുണ്ടായതായി കണക്കാക്കപ്പെടുന്നു.

(സി) 68 ആക്രമണങ്ങൾ നടന്നു.

(ഡി) 344 പേരെ അറസ്റ്റുചെയ്തു.

(ഇ) ഈ കേസുകളിലെ പ്രതികൾ എൽ.ഡി.എഫ്., സി.പി.ഐ.(എം), ഐ.എഫ്.ഡി.പി., ബി.ജെ.പി., യു.ഡി.എഫ്., ഐ.യു.എം.എൽ., ഐ.എൻ.എൽ., കോൺഗ്രസ് (ഐ) എന്നീ രാഷ്ട്രീയപാർട്ടികളുമായി ബന്ധമുള്ളവരാണ്.

വർഗ്ഗീയ സംഘട്ടനങ്ങൾ

44 [44] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 ജൂൺ 15 വരെ സംസ്ഥാനത്ത് എത്ര വർഗ്ഗീയ സംഘട്ടനങ്ങൾ നടന്നിട്ടുണ്ട്;

(ബി) ഇതേ കാലയളവിൽ സംസ്ഥാനത്ത് എത്ര വർഗ്ഗീയ ലഹളകൾ നടന്നിട്ടുണ്ട്;

(സി) ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് പറയാമോ;

(ഡി) വർഗ്ഗീയ ലഹള സംബന്ധിച്ച് എത്ര കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടെന്ന് പറയാമോ;

(ഇ) എത്ര കേസുകളിൽ പ്രതികളെ ശിക്ഷിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly